കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വരവൂർ ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)330/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 0020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി: 11.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
വരവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വരവൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-21, 1-22 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി5) 330/2020 തീയതി : 11.05.2020

## തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.2018 മുതൽ 29.2.2020 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2018 മുതൽ 31.03.2019 തീയ്യതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.03.2020 മുതൽ 18.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റീന ജോസഫ് | ഓഡിറ്റ് ഓഫീസർ |
| | സുധ.ഇ.എൻ | അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽ.പി.ബി | അസി.ഓഡിറ്റ് ഓഫീസർ |
| | മോഹനൻ.കെ.എ | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | | 01.04.2018 മുതൽ |

| | | |
|---|---|---|
| | ശ്രീ.കെ.കെ.ബാബു | 19.11.2018 വരെ |
| | ശ്രീമതി.സി.വിജയലക്ഷ്മി | 20.11.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി.എം.രാജേശ്വരി | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മെറ്റി മേരി ജോസഫ് അറക്കൽ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആരതി ബാലകൃഷ്ണൻ | 01.04.2018 മുതൽ 14.03.2019 വരെ |
| | ആശാമോൾ പി.പി. | 15.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സാജിത | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | ഡോ.രേഖ എൻ. | 01.04.2018 മുതൽ 05.06.2018 വരെ |
| | ഡോ.രമ്യ ജോർജ് | 06.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ജിഷ ജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സ്റ്റീഫൻ ജോസ് | 01.04.2018 മുതൽ 29.06.2018 വരെ |
| | ഡോ.നിസമോൾ.വി.എം | 30.06.2018 മുതൽ 19.08.2018 വരെ |
| | ഡോ.ബിജു.പി.ജി | 20.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (തളി സർക്കിൾ) | ശ്രീ.റോണി എം.വൈ. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (വരവൂർ സർക്കിൾ) | ശ്രീമതി.ധന്യ സി. | 01.04.2018 മുതൽ 19.08.2018 വരെ |
| | മിനി വി.എൻ. | 20.08.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കോമളവല്ലി എ.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, | ശ്രീ.പ്രസാദ് എം.ബി. | 01.04.2018 മുതൽ |

| | | |
|---|---|---|
| ജി.എൽ.പി.എസ്, കൊണ്ടയൂർ | | 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ശ്രീന എസ്.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മഞ്ജു എം.ബി. | 01.04.2018 മുതൽ 25.12.2018 വരെ |
| | ശ്രീമതി.ബീന എം.കെ. | 26.12.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | നിയമപ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വിമുഖത | 1-12 |
| 13 | ഫാക്ടറി-വ്യാപാര ലൈസൻസ് ഫീസ് അഡ്വാൻസായി ഈടാക്കുന്നതിൽ കുറവ് | 1-13 |
| 14 | വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിൽ വർഷം തോറും കുറവ് | 1-14 |
| 15 | ടെണ്ടർഫോറത്തിന്റെ വില – പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ് | 1-16 |
| 17 | പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ് – സേവന ഉപനികുതി ചുമത്താവുന്നതാണ് | 1-17 |
| 18 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് | 1-18 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 1-19 |
| 20 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി – | 1-20 |

| | | |
|---|---|---|
| | അപാകതകൾ | |
| 21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി – ആദ്യ ഗഡു നൽകി ഒന്നരവർഷമായിട്ടും തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ –സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി ഉപകരണങ്ങൾ നൽകി | 1-22 |
| 23 | ഓവർഹെഡ് ചാർജ്ജ് | 1-23 |
| 24 | കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-24 |
| 25 | ജി.എസ്.ടി. കോംപൻസേഷൻ നൽകിയത് – കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 26 | രജിസ്റ്ററുകളുടെ പരിപാലനം | 1-26 |
| 27 | വിവിധ പ്രവൃത്തികളുടെ പൂർത്തീകരണം | 1-27 |
| | ഭാഗം – 2 | |
| | ഇല്ല | |
| | ഭാഗം – 3 | |
| | ഇല്ല | |
| | ഭാഗം – 4 | |
| 28 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

ബജറ്റ് 26.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 28.03.2019 തീയതിയിലെ 6(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രതീക്ഷിത വരവ് 144347635/- രൂപയും പ്രതീക്ഷിത ചെലവ് 138793310/- രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 08.04.19 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5894471 |
| വരവ് | 72326827 |
| ആകെ | 78221298 |
| ചെലവ് | 64856751 |
| നീക്കിയിരിപ്പ് | 13364547 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12983000 | 12983000 | 12983000 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9844000 | 9844000 | 9077704 | 766296 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 24000 | 24000 | 0 | 24000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 14590000 | 14590000 | 13634503 | 955497 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2624826 | 155174 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6025000 | 6025000 | 4144367 | 1880633 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 82181174 | 122 | 54182168 | 2 | 40 | 74% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 691 | 711510 | 712201 | 700275 | 11926 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24643906 | 24643906 | 24643906 | 0 |
| ആകെ | 691 | 25355416 | 25356107 | 25344181 | 11926 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 154560 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 6356000 | 477 |
| വിധവാപെൻഷൻ | 14863300 | 1190 |
| വാർദ്ധക്യകാലപെൻഷൻ | 15171400 | 1311 |
| വികലാംഗപെൻഷൻ | 3931800 | 312 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1227900 | 97 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 60000 | 2 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.3.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9702/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

<u>സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടം ശക്തിപ്പെടുത്തണം</u>

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്നും, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ സമയങ്ങളിൽ യോഗം ചേർന്ന് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ കൂടുതൽ മേൽനോട്ടമുണ്ടാവണം. ഇതുമായി ബന്ധപ്പെട്ടുള്ള കൂട്ടായ പരിശോധനയുടേയും തീരുമാനങ്ങളുടേയും രേഖപ്പെടുത്തലുകൾ മിനിട്സിലുണ്ടാവണം. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ നടത്തിയ പരിശോധനയുടെ വിശദാംശം മിനിട്സിലില്ലായെന്ന്

കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ അതത് മേഖലകളിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തണം. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും പ്രസ്തുത മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതുമാണ്. എന്നാൽ 2018-19 ലെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും 5 തവണ വീതം കൂടിയിട്ടുണ്ട് എങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഹാജർ നിലയും വളരെ കുറവാണ്. പലതിലും നാലോ അഞ്ചോ അംഗങ്ങൾ ആണ് പങ്കെടുത്തിട്ടുള്ളത്. 13 വർക്കിംഗ് ഗ്രൂപ്പുകളിൽ രണ്ടെണ്ണം മാത്രമാണ് ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടുള്ളത്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.05.2019 | 03/2019 | 01/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.12.2016 മുതൽ 22.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | 23.01.2017 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് )}

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ തൻവർഷ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സാംഖ്യ കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്. പക്ഷേ കുടിശ്ശിക, ലൈബ്രറി സെസ്സ് എന്നിവ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1കുടിശ്ശിക</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1390 | 0 | 1390 |
| വാർഷികകണക്കിലെ | 728 | 0 | 1393 |
| | | | |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (699+65.65=764.65/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1462.5/105X100)= 1393 |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 51352 | 30843 | 20509 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 37032 | 30843 | 20513 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(7165+31719 = 38884/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി - 43) | ** (21539/105X100)= 20513 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 60245 | 72 | 60317 | 55674 | 0 | 55674 | 4803 | | 156 | 72 | 228 |
| | നോൺ-റെസിഡൻഷ്യൽ | 29832 | 2572 | 32404 | 27603 | 1542 | 29145 | 657 | | 1668 | 1030 | 2698 |
| | ആകെ | | | 92721 | | | 84819 | 5460 | | | | 2926 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | *23032.65 | | | 84367 | | | | *nil | 19537.65 | | |
| | | 23032.65+0 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19 പ്രകാരം ഡിമാന്റ് ഉൾപ്പെടുത്തിയിട്ടില്ല | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | 431910101 - State govt . Cess/levies. ലെഡ്ജർ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിട്ടില്ല | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.3 അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം വർഷാരംഭത്തിൽ തൻവർഷത്തെ വസ്തുനികുതി ഡിമാന്റ് തുകയ്ക്ക് ആനുപാതികമായ ലൈബ്രറി സെസ് 431910101 – State Govt.Cesses/Levies in Property taxes – Control Account എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതും വർഷാവസാനത്തിൽ പിരിഞ്ഞു കിട്ടിയ വസ്തുനികുതിയുടെ ലൈബ്രറി സെസ് മേൽ ശീർഷകത്തിൽ നിന്നും കുറവ് ചെയ്യേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ 2018-19 വർഷത്തെ വസ്തുനികുതി തുകയ്ക്ക് ആനുപാതികമായ ലൈബ്രറി സെസ് മേൽ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. പകരം വർഷാവസാനത്തിൽ പിരിഞ്ഞു കിട്ടാനുള്ള വസ്തുനികുതിക്ക് ബാധകമായ ലൈബ്രറി സെസ് തുക മാത്രം മേൽ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു.

2.4 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 242 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 28.11.18ൽ ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 61230.65രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 2916 (61230.65/105X5) ആണ്.എന്നാൽ ഈ ശീർഷകത്തിൽ 19537.65 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (665) |
| 280100102-Prior period income-Profession tax-Institutions/Professionals/Traders | (1250) |
| 280100104-Prior period income-Property tax on Non residential buildings | (14325) |

5. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6.1. Accumulated Depreciation for assets in 18-19 വർക്ക്ഷീറ്റ് പ്രകാരം ആസ്തിയുടെ മൂല്യം 29216674 രൂപയും Accumulated Depreciation (14631219.7) രൂപയുമാണ്. ആസ്തിയുടെ അറ്റമൂല്യം (29216674-14631219.7= 14585454) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരമുള്ള ആസ്തിയുടെ അറ്റ മൂല്യവുമായി (33,375,041/-രൂപ) പൊരുത്തപ്പെടുന്നില്ല.

6.2. 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടുപയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും മുൻവർഷങ്ങളിലെ ആസ്തികളുടെ മൂല്യത്തിൽ നിന്നും ആനുപാതികമായ വർദ്ധനവ് തൻവർഷം വരുത്തിയിട്ടില്ല.

6.3. Accumulated Depreciation Worksheet പ്രകാരം 411320101-Waterways എന്ന ശീർഷകത്തിലെ മൊത്തം ഡിപ്രിസിയേഷൻ -790079.88 രൂപയാണെങ്കിലും ഷെഡ്യൂൾ ബി-11 ലെ ഈയിനത്തിലെ ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് -382411 രൂപയാണ്.

6.4 31.03.2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം 410200102-Buildings Busstand എന്ന ശീർഷകത്തിൽ 233049 രൂപ ആസ്തിമൂല്യമായി ചേർത്തിട്ടുണ്ട്. എന്നാൽ വരവൂർ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് എന്ന ആസ്തി ഇല്ല.

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7470076 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net

cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9612076/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

8. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 1000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. വാർഷിക ധനകാര്യ പത്രിക റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ ആർ.പി.-31, 320100101 തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേഷൻ ചെലവുകൾക്കായുള്ള വരവ് 711510/- രൂപയും, ചെലവ് R.P പ്രകാരം 372275/- രൂപയും ആണ് NREGS കാഷ്ബുക്ക് പ്രകാരമുള്ള വരവ് 711510/- രൂപയും ചെലവ് 700275/- രൂപയുമാണ്. കാഷ്ബുക്ക് പ്രകാരമുള്ള ചെലവും രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് തുകകളും, കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല (കാഷ്ബുക്ക് പ്രകാരം 25356497/-, ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 25355416/-, വ്യത്യാസം – 1081/-) .

10. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-2 ൽ ഉൾപ്പെടുത്തിയിരിക്കുന്ന 311710199 - Other Trust or Agency Fund എന്ന ശീർഷകത്തിൽ ബാധ്യതയായുള്ള 500/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

# 1-12 നിയമ പ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വിമുഖത

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി പിരിക്കുന്ന രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാർ, അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. ഗ്രാമപഞ്ചായത്തുമായി നിരന്തരം ബന്ധപ്പെട്ടുവരുന്ന, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പ്ലാനുകളും അപേക്ഷകളും തയ്യാറാക്കി നല്കുന്ന ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള രജിസ്റ്റേഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ അവശ്യപ്പെട്ട കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്ത് മറുപടി നല്കിയിട്ടില്ലാത്തതാണ്. (ഓഡിറ്റ് എൻക്വയറി നം.19/18-03-2020) ആ വിഭാഗത്തിലുൾപ്പെട്ട ചിലരുടെ പേരുവിവരം താഴെ ചേർക്കുന്നു.

1) അരുൺ.കെ.എസ്, സൂപ്പർവൈസർ-B രജി.നം.G6-791/16/96/SB, കിഴക്കുമുറി വീട്, വരവൂർ (പി.ഒ.)

2) രാഗേഷ്.പി.കെ, സൂപ്പർവൈസർ-B രജി.നം.G6-1338/16/123/SB, പുത്തൻപുരക്കൽ വീട്, വരവൂർ (പി.ഒ.)

3) മണികണ്ഠൻ.എം, സൂപ്പർവൈസർ-B രജി.നം.G6-4207/17/2008/SB, പിലാക്കാട്

4) ഷറഫുദ്ദീൻ.കെ.എ, സൂപ്പർവൈസർ-B രജി.നം.G6-4653/17/33/SB, കുളത്തിങ്കൽ വീട്, പിലാക്കാട്

5) ഉണ്ണികൃഷ്ണൻ.എം.പി, സൂപ്പർവൈസർ-B രജി.നം.G6-4855/17/49/SB, വരവൂർ

6) നൗഫൽ.ടി.എം, സൂപ്പർവൈസർ-B രജി.നം.G6-2678/14/1878/SB, തോട്ടുമുച്ചിക്കൽ വീട്, തളി (പി.ഒ.)

നിയമാനുസൃതം തൊഴിൽ നികുതി അടവാക്കുന്നതിന് ബാദ്ധ്യസ്ഥരായ എല്ലാ വിഭാഗത്തിന്റെയും പക്കൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 ഫാക്ടറി-വ്യാപാര ലൈസൻസ് ഫീസ് അഡ്വാൻസായി ഈടാക്കുന്നതിൽ കുറവ്

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 182 സ്ഥാപനങ്ങളാണുള്ളത്. 2018-19 വർഷത്തെ ഫാക്ടറി-വ്യാപാര ലൈസൻസ് ഫീസ് ഡിമാന്റ് ₹69,000/- ആയിരുന്നു. ആയതിൽ ₹2,300/- 2017-18 വർഷത്തിൽ മുൻകൂറായും, ബാക്കി തുക 2018-19 വർഷത്തിലുമാണ് പിരിവുവരുത്തിയിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ₹3,300/- മാത്രമാണ് 2019-20 വർഷത്തെ മുൻകൂറായി പിരിവുവരുത്തിയിട്ടുള്ളത്.

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷത്തിന്റെയും അവസാനത്തിന് 30 ദിവസം മുൻപ് സമർപ്പിക്കാൻ ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ലൈസൻസ് അപേക്ഷകൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി സ്വീകരിക്കുന്നതിനും, ഫീസ് ഈടാക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

# 1-14 വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിൽ വർഷം തോറും കുറവ്

1998ലെ കേരള പഞ്ചായത്തീരാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം-4 പ്രകാരം വിവിധ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള വളർത്തു മൃഗങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

| വർഷം | ലൈസൻസ് എടുത്തിട്ടുള്ള വളർത്തു മൃഗങ്ങളുടെ എണ്ണം |
|---|---|
| 2016-17 | 119 |
| 2017-18 | 14 |
| 2018-19 | 19 |
| 2019-20 | 14 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ള വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ വന്ന കുറവ് പരിശോധിക്കപ്പെടേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വളർത്തു മൃഗങ്ങൾക്ക് മേൽ നിയമ പ്രകാരം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 ടെണ്ടർ ഫോറത്തിന്റെ വില-പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

# 1-16 കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം (സെൻട്രൽ നിയമം) വകുപ്പുകൾ 3(1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിപ്രവർത്തനങ്ങളുടെ ഭാഗമായി 2018-19 വർഷത്തിൽ ഇപ്രകാരം ബോർഡിലേക്ക് ബില്ലുകളിൽ നിന്നും ഈടാക്കി അടവാക്കിയ ആകെ തുകയുടെ 1% കളക്ഷൻചാർജ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാം എന്നിരിക്കെ തുകയൊന്നും വരവ് വെച്ചിട്ടില്ലാത്തതാണ്. ആയത് ബോർഡിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ് -സേവന ഉപനികുതി ചുമത്താവുന്നതാണ്

<u>വാട്ടർ ചാർജ്ജ്</u>

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2018-19 വർഷത്തിൽ 100 പൊതു ടാപ്പുകളുടെ (നവംബർ 2018 വരെ 84 ടാപ്പുകൾ) വാട്ടർചാർജ്ജായി ₹4,76,000/- രൂപ (അക്കൗണ്ട്സ് ശീർഷകം 230110102 Water charges for Street Water Tap ലെഡ്ജർ പ്രകാരം) വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

<u>തെരുവു വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ്</u>

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2018-19 വർഷത്തിൽ തെരുവു വിളക്കുകൾക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ വിവിധ കൺസ്യൂമർ നമ്പരുകളിൽ ₹2,72,677/- രൂപ (അക്കൗണ്ട്സ് ശീർഷകം 230100101 Electricity charges for Street Lights ലെഡ്ജർ പ്രകാരം) കെ.എസ്.ഇ.ബി.യിലേക്ക് അടവാക്കിയിട്ടുണ്ട്. കൂടാതെ തെരുവുവിളക്കുകളുടെ അറ്റകുറ്റ പണികൾക്കും പരിപാലനത്തിനുമായി പ്രോജക്ട് നം.18/2019 മുഖേന ₹3,82,836/-രൂപയും ചെലവഴിച്ചിട്ടുള്ളതാണ്.

കുടിവെള്ള വിതരണത്തിനായും, തെരുവു വിളക്കുകളുടെ പരിപാലനത്തിനുമായും മേൽ കാണിച്ച പ്രകാരം വൻ തുക അടവാക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

i) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് പൊതുടാപ്പ് സേവനങ്ങൾ, തെരുവുവിളക്കുകളുടെ സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സേവനം ഏർപ്പെടുത്തിയ ഏതെങ്കിലും പ്രദേശത്ത് ഇപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

ii) ദേശമംഗലം സെക്ഷനിലെ മീറ്റർ ഘടിപ്പിക്കാത്ത തെരുവുവിളക്കുകൾക്ക്, കൺസ്യൂമർ നം.1157176006239-ന് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ തുക നല്കിയതിന്റെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | വൗച്ചർ നം./തീയതി | തുക (₹) |
|---|---|---|---|---|
| 1 | സുശാന്തം | ജില്ലാ പഞ്ചായത്ത് | 21800557/25.07.18 | 50,000 |
| 2 | വിജ്ഞാൻ സാഗർ | ജില്ലാ പഞ്ചായത്ത് | 21800558/25.07.18 | 1,00,000 |

ഇതു സംബന്ധിച്ച് നല്കിയ 18.03.2020 തീയതിയിലെ 18-ാം നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ച വിനീത് പി.വി., പ്ലാത്തോട്ടത്തിൽ വീട്, വരവൂർ എന്ന ഗുണഭോക്താവ് 2017-18 അദ്ധ്യയന വർഷം സെന്റ് അലോഷ്യസ് കോളേജ് എൽത്തുരുത്ത് തൃശ്ശൂർ –ൽ ബി.വോക്ക്, 'ജമ്മോളജി' ബിരുദ കോഴ്സ് 6-ാം സെമസ്റ്ററിന് പഠിച്ചിരുന്ന വിദ്യാർത്ഥിയായിരുന്നു. 2017-18 സാമ്പത്തിക വർഷം **പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്** എന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് വിനീത്.പി.വി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, ടിയാന് ആനുകൂല്യം അനുവദിക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ 18.06.2018 ന് ചേർന്ന ഭരണസമിതിയുടെ 3/1 നമ്പർ തീരുമാനപ്രകാരം, അപേക്ഷകനെ 2018-19 വർഷത്തിൽ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും, ലാപ്ടോപ്പ് അനുവദിക്കുകയുമുണ്ടായി. അതത് വർഷത്തെ അപേക്ഷ പരിഗണിച്ച് തൻവർഷം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കുന്നതിന് ശ്രദ്ധിക്കേണ്ടതും, മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

ഐശ്വര്യ.എം.വി, മാരാത്തുപ്പടി, തളി എന്നവർ സെന്റ് മേരിസ് കോളേജ് അക്കികാവ് എന്ന സ്ഥാപനത്തിലാണ് ബിരുദ കോഴ്സിന് പഠിച്ചിരുന്നത്. കോളേജിന്റെ യൂണിവേഴ്സിറ്റി അഫിലിയേഷൻ അഥവാ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി പ്രൈവറ്റ് രജിസ്ട്രേഷൻ രേഖകൾ എന്നിവയിൽ ഏതെങ്കിലുമൊന്ന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

# 1-20 ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി -അപാകതകൾ

പ്രൊജക്ട് നം. - 163/19 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി വിതരണം

വികസന ഫണ്ട് – 3,00,000/-

ബ്ലോക്ക് വിഹിതം - 3,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 50,000/-

ചെലവ് – 6,50,000/-

വൗച്ചർ നം.21800941/21-02-2019, തുക - 3,00,000/-

ചെക്ക് നം.1745639 /18.03.2019 തുക - 3,00,000/-

ചെക്ക് നം.1745640 /18.03.2019 തുക - 50,000/-

മേൽ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങൾ മുഖേന പാൽ അളക്കുന്ന 199 ഗുണഭോക്താക്കൾക്ക് ഒരു ലിറ്റർ പാലിന് 3.83 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ തി.14/02/2018

പ്രകാരം ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ, ഒരു ലിറ്റർ പാലിന് 4/- രൂപ തോതിൽ സബ്സിഡി തുക നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 1 രൂപ ക്ഷീരവികസന വകുപ്പും 3 രൂപ പഞ്ചായത്ത് വിഹിതവുമായാണ് നൽകേണ്ടത്. എന്നാൽ സബ്സിഡി ഇനത്തിൽ പഞ്ചായത്ത് വിഹിതമായി 3 രൂപ 83 പൈസ നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഒരു ലിറ്ററിന് മൊത്തം 3 രൂപ 83 പൈസ എന്ന കണക്കിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ 11-03-2020ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി - അദ്യ ഗഡു നല്കി ഒന്നരവർഷക്കാലമായിട്ടും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

വി.ഇ.ഒ, തളി സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായ ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണത്തിന് 28-07-18 ന് ₹40,000/- രൂപ അജി, പുത്തൻപീടികയിൽ, കൊറ്റപ്പുറം, തളി എന്നവർക്ക് ഒന്നാം ഗഡുവായി അനുവദിച്ചിട്ട് ഒരു വർഷം എട്ടു മാസം പിന്നിട്ടിട്ടും, ഭവന നിർമ്മാണത്തിന്റെ തുടർന്നുള്ള ഘട്ടങ്ങൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ/ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല. ടിയാരിയുടെ ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/13-03-2020) വി.ഇ.ഒ, തളി സർക്കിൾ നല്കിയ മറുപടിയിൽ ഗുണഭോക്താവിനോട് വീടുപണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും, അല്ലാത്ത പക്ഷം അനുവദിച്ച ധനസഹായം തിരിച്ചുപിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ വി.ഇ.ഒ, തളി സർക്കിൾ തുടർ നടപടികൾ ഉറപ്പുവരുത്തേണ്ടതാണ്.

# 1-22 സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ- സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി ഉപകരണങ്ങൾ നൽകി

പ്രോജക്ട് - ഗവ.എൽ.പി.സ്കൂൾ മെയിന്റനൻസ് (109/19)

അടങ്കൽ - 400000 (മെയിന്റനൻസ് ഗ്രാന്റ്)

ചെലവ് - 3,97,167/- ബിൽ നം.2/18-19, തീ. 24.09.18, തുക - 2,97,167/-

സിഡ്കോയിൽ നിന്നും വിവിധ തരത്തിലുള്ള ടേബിൾ, ചെയർ, ബെഞ്ച് & ഡെസ്ക് സെറ്റ് എന്നിവ വാങ്ങിയതിൽ ഇൻവോയ്സ്/ബിൽ പ്രകാരമുള്ള ഇനത്തിന് പകരം മറ്റൊന്നാണ് ലഭിച്ചതായി കാണുന്നത്. ഓഡിറ്റ് ടീം സ്കൂളിൽ പരിശോധന നടത്തിയപ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽപെട്ടത്. 3800/- രൂപ വില വരുന്ന hard wood arm chair ന് പകരം armless chair ആണ് സിഡ്കോ നൽകിയിരിക്കുന്നത്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/16.3.20 ന് മറുപടിയായി സിഡ്കോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചതായി പറയുന്നു. നടപടികൾ സ്വീകരിക്കുന്നത് വരെ ഈയിനത്തിലുള്ള 19081/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-23 ഓവർഹെഡ് ചാർജ്ജ് - PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

2018-19 വർഷത്തിൽ നിർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/ തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പി.ഡബ്ല്യൂ.ഡി. മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവപ്രകാരം അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7/13.3.20)

# 1-24 കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

2013 ൽ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്റ്റ് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്റ്റ് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്റ്റ് നിർവ്വഹണ കാലയളവ് പ്രൊജക്റ്റ് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്റ്റ് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്റ്റ് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് വിവരം | സൈറ്റ് കൈമാറിയ തീയതി<br>പൂർത്തീകരിക്കേണ്ട തീയതി<br>പൂർത്തീകരിച്ച തീയതി<br>കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോജക്ട് – തളി ആറങ്ങോട്ടുകര റോഡിന് ഡ്രൈനേജ് സംവിധാനം<br>അടങ്കൽ -250000<br>Agreed PAC- 249409<br>ചെലവ് -228958<br>ബിൽ നം. -11/18-19, 14.8.18 കരാർ നം. 34/AE/LSGD/16-17/1.3.17<br>MB-44/17-18 കരാറുകാരൻ- സുമേഷ്.എം | 01.03.17<br>31.03.17<br>22.03.18<br>12 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ25%, 45 ദിവസം<br>249409x1% -2494<br>രണ്ടാമത്തെ 25%, 45 ദിവസം<br>249409x2% -4988 ആകെ –7482/- |
| 2 | പ്രോജക്ട് – തളി മണിമുക്ക് റോഡിന് കാന നിർമ്മാണം<br>അടങ്കൽ -302019/-<br>Agreed PAC- 301938/-<br>ചെലവ് -283466/-<br>ബിൽ നം. -29/18-19, 30.11.18<br>കരാർ നം. 55/AE/LSGD/16-17/31.3.17<br>MB- 13/18-19 കരാറുകാരൻ- സന്തോഷ്കുമാർ.കെ.കെ | 31.03.17<br>31.07.17<br>12.07.18<br>12 മാസം | പൂർത്തീകരണ കാലയളവിന്റെ ആദ്യത്തെ 25%, 45ദിവസം<br>301938x1% -3019<br>രണ്ടാമത്തെ 25%, 45 ദിവസം<br>301938x2% -6039 ആകെ –9058/- |
| | ഈടാക്കേണ്ട ആകെ തുക | | 16540 |

കരാറുകാരൻ പ്രൊജക്ട് പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം നൽകേണ്ടതും നിയമപ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.22/18.3.20)

# 1-25 ജി.എസ്.ടി.കോംപൻസേഷൻ നൽകിയത് - കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 3% ജി.എസ്.ടി കോംപൻസേഷൻ കൂടി ചേർത്ത തുക കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. ഇപ്രകാരം ജി.എസ്.ടി കോംപൻസേഷൻ നൽകുമ്പോൾ കരാറുകാരൻ ജി.എസ്.ടി സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഗവ. സർക്കുലർ നം.90/17/ഫിൻ, തീ.14.12.17 പ്രകാരം ജി.എസ്.ടി ഇനത്തിൽ തുക ചെലവഴിക്കുന്നതിന് ഭരണാനുമതി ആവശ്യമാണ്. ഇപ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

| പ്രൊജക്ട്, പ്രൊജക്ട് നം. | കരാറുകാരൻ,<br>കരാർ നമ്പർ | അളവ് പുസ്തകം | ചെലവഴിച്ച തുക | ജി.എസ്.ടി നൽകിയ തുക |
|---|---|---|---|---|
| മുതലാംകുന്ന് ഞെട്ടകണ്ണി കോളനി റോഡ് ടാറിംഗ് (181/19) | കെ.കെ.ഇബ്രാഹിം<br>53/18-19,15.11.18 | 59/18-19, | 245378 | 7147 |

| | | | | |
|---|---|---|---|---|
| | | 247/18-19 | 55/18-19,30.3.19 | |
| ഹൈസ്കൂൾ റോഡ് കാന നിർമ്മാണം (176/19) | കെ.കെ.ഇബ്രാഹിം 30/18-19,18.9.18 | 190/18-19, 194/18-19 | 84824 56/18-19,30.3.19 | 2470 |
| **ആകെ തുക** | | | | 9617 |

ആയത് ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ആകെ നൽകിയ തുക 9617/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.9/13.3.20)

# 1-26 രജിസ്റ്ററുകളുടെ പരിപാലനം

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധനയ്ക്കായി താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ എന്നിവ 14/16.03.2020 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേനെ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നതാണ്.

1. എഗ്രിമെന്റ് രജിസ്റ്റർ
2. എം ബുക്കുകളുടെ രജിസ്റ്റർ
3. നിർമ്മാണസ്ഥലത്തെ സാധനങ്ങളുടെ രജിസ്റ്റർ
4. ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ
5. ടെണ്ടർ രജിസ്റ്റർ, ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയത്
6. റോഡ് രജിസ്റ്റർ
7. ഇ.എം.ഡി. രജിസ്റ്റർ
8. പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ
9. അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ
10. ആസ്തി രജിസ്റ്റർ
11. അടങ്കൽ അനുമതി രജിസ്റ്റർ
12. വകുപ്പുതല സാധനങ്ങളുടെ സ്റ്റോക്കിന്റെയും, വിതരണത്തിന്റെയും രജിസ്റ്റർ
13. റോഡ് കൺക്റ്റിവിറ്റി മാപ്പും, പ്ലാനും
14. പ്രോജക്ട് രജിസ്റ്റർ

എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, ഇ.എം.ഡി. രജിസ്റ്റർ എന്നിവ ഒഴികെ മറ്റൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രജിസ്റ്ററുകളല്ലാതെ നിയമം അനുശാസിക്കുന്ന മേൽ പരാമർശിച്ച രജിസ്റ്ററുകളൊന്നും പഞ്ചായത്തിൽ പരിപാലിച്ചുവരുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിയമം അനുശാസിക്കുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 വിവിധ പ്രവൃത്തികളുടെ പൂർത്തീകരണം

എ) കുടിവെള്ള പദ്ധതികൾ ഡെപ്പോസിറ്റ് വർക്ക് (104/19)

അടങ്കൽ - 2185000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 2185000/-, ബിൽ നം. 12/18-19, 14.08.18

രാമൻചിറ, മഞ്ഞചിറ, കാർളിമുക്ക് എന്നീ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി തൃശ്ശൂർ ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ എസ്റ്റിമേറ്റ് പ്രകാരം മേൽതുക ഡെപ്പോസിറ്റ് ചെയ്തു. തുടർന്ന് ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ 01.02.19 ലെ കത്തിൽ മേൽപറഞ്ഞ പ്രോജക്ടുകൾ പൂർത്തീകരിച്ചതായി പറയുന്നു. എന്നാൽ താഴെപറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) കരാറിൽ കരാർ നമ്പർ, തീയതി എന്നിവ ചേർത്ത് ആധികാരികമാക്കിയിട്ടില്ല.

2) പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇവ ലഭ്യമായിട്ടില്ല.

3) ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ 01.02.19 ലെ കത്തിൽ 97792/- രൂപ കൂടി ആവശ്യപ്പെട്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

ബി) ഗവ.എൽ.പി.സ്കൂൾ, യു.പി.സ്കൂൾ, പഞ്ചായത്ത് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ എയറോബിക് ബിൻ നിർമ്മാണം (160/19)

അടങ്കൽ - 800000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് - 714070/-, വൗച്ചർ നം.21800967/29.3.19

മേൽ പ്രോജക്ട് പ്രകാരം എയറോബിക് ബിൻ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നുവെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം കണ്ടെത്തി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി) വയോജന സൗഹൃദ പാർക്ക് നിർമ്മാണം (137/19)

അടങ്കൽ - 954500/- (വികസനഫണ്ട്)

ചെലവ് - 832717/- ബിൽനം. 39/18-19, 30.03.19

2017-18 വാർഷിക പദ്ധതിയിൽ ആരംഭിച്ച് 2018-19, 2019-20 വർഷങ്ങളിലായി പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. എന്നാൽ നാളിതുവരെ കെട്ടിടം തുറന്നു പ്രവർത്തിച്ചിട്ടില്ല. ആയതിന് കാരണം വിശദമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.23/18.3.20)

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1)</u> <u>പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

- 
- 

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- 
- 

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019, 23.07.2019 | കെ.എസ്.എ.ടി.എസ്.ആർ(എസ്1)1120/19(85) തീ.07.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 14,19,083 | ലൈഫ് ഭവന പദ്ധതി | 14,02,600 | 16,483 |
| | | 50,000 | ക്ഷീര വികസനം | 50,000 | 0 |
| | | 2,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,25,000 | 0 |
| ബ്ലോക്ക് | 2018-19 | 3,00,000 | ക്ഷീര വികസനം | 3,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് വടക്കാഞ്ചേരി | | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | | 4,55,000 | നെൽകൃഷി വികസനം | 4,55,000 | 0 |
| | | 10,37,400 | ലൈഫ് ഭവന പദ്ധതി | 10,37,400 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | വൗച്ചർ നം |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 5,00,000 | 0 | 5,00,000 | 2018-19 |
| ആകെ | | | 5,00,000 | 0 | 5,00,000 | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 1000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| 2007-08 മുതൽ 2010-11 | 3-11 | 2750 രൂപ | ജോഷി.പി, കോൺട്രാക്ടർ | 11504100442/26.05.18 |
| 2016-17 | 3-2 | 852 രൂപ | മൊയ്തുണ്ണികുട്ടി, സെക്രട്ടറി | 118040103587/04.02.19 |
| ആകെ | | 3602 രൂപ | | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,23,26,827 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,48,56,751 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,698 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 19,081 | ശ്രീ.പ്രസാദ്.എം.ബി, ഹെഡ്മാസ്റ്റർ |
| 1-25 | 9,617 | ശ്രീമതി.ശ്രീന.എസ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 28,698 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീന.എസ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വരവൂർ ഗ്രാമപഞ്ചായത്ത് | ഇ1, അളകനന്ദ റെസിഡൻസി, അയ്യന്തോൾ, ചുങ്കം, അയ്യന്തോൾ.പി.ഒ. -680 003 |
| ശ്രീ.പ്രസാദ്.എം.ബി., | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് | മണപ്പറമ്പിൽ വീട്, |

| ഹെഡ്മാസ്റ്റർ | എൽ.പി.സ്കൂൾ, വരവൂർ | പനങ്ങാട്ടുകര(പി.ഒ)<br>വടക്കാഞ്ചേരി-680623 |
|---|---|---|

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.എസ്.2- 794/11 |
| 83-84 | എൽ.എഫ്.ടി.എസ്.2- 794/11 |
| 84-85 | എൽ.എഫ്.ടി.എസ്.2- 794/11 |
| 85-86 | എൽ.എഫ്.ടി.എസ്.2- 794/11 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2- 794/11 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2- 794/11 |
| 90-91<br>91-92 | എൽ.എഫ്.ടി.എസ്.2- 794/11 |
| 92-93, 93-94 | എൽ.എഫ്.ടി.20-13-300-93/ 23.11.93 |
| 96-97 | എൽ.എഫ്.ടി.20- 314-98, 11.08.98 |
| 97-98 | എൽ.എഫ്.ടി.20-10-2000, 20.05.08 |
| 98-99 | എൽ.എഫ്.ടി.20-597-2000, 26.09.2000 |
| 99-2000 | എൽ.എഫ്.ടി.17-1689/02/ 23.01.03 |
| 2000-01 | എൽ.എഫ്.ടി.17-691/04/ 09.12.04 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.17-1440/03/ 01.03.04 |
| 2001-02 | എൽ.എഫ്.ടി.17-690/04/ 09.12.04 |
| 2002-03 | എൽ.എഫ്.ടി.17-1222/08/ 29.08.09 |
| 2003-04 | എൽ.എഫ്.ടി.17-1047/08/ 29.08.09/13.10.09 |
| 2004-05 | എൽ.എഫ്.ടി.17-66/09/ 25.05.10 |
| 2005-06 | എൽ.എഫ്.ടി.17-320/10/ 17.09.10 |
| 2006-07 | എൽ.എഫ്.ടി.17-321/10/ 17.09.10, 19.10.11 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി.(പി.1)-1661/12/ 05.02.13 |
| 2011-12 | എൽ.എഫ്.ടി.(പി.5)-1723/13/ 05.02.14 |
| 2012-13 | എൽ.എഫ്.ടി.(പി.5)-1922/14/ 16.04.15/04.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-191/15/ 18-02-16/14-03-16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-1195/16 തീ. 22.07.16/28.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-2207/16 തീ. 16.01.17/21.02.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017 തീ :13.09.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി5)1589/2018 തീ :07.12.2018 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും

പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ | |

| | | |
|---|---|---|
| | സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ